● വരയും വരിയും

# ഒമ്പതു രൂപയുണ്ടോ?

റഫീക്ക് അഹമ്മദ്



**ആകാശവാണിയുടെ** തുടർച്ചയായി കേട്ടുകൊണ്ടിരിക്കുന്ന ഒരു പരസ്യത്തിന്റെ തുടക്കമാണിത് : 'ഒമ്പതു രൂപയുണ്ടോ പറ.' ഇത് ഒരു ജലദോഷ ലേപനത്തിന്റെ പരസ്യം. രോഗി ഒരു പാവ. ഒരു പാവം പാവ. "ഡോക്ടർ, ഡോക്ടർ, എന്റെ പാവയ്ക്ക് തീരെ സുഖമില്ല, ഒന്നു പരിശോധിക്കണം" എന്ന് പറയുമ്പോഴേക്കും ഡോക്ടർ പറയുകയാണ്: "ഒമ്പതു രൂപയുണ്ടോ?" പാവയുടെ രക്ഷാകർത്താവ് അവതരിപ്പിക്കുന്ന രോഗവിവരണങ്ങളൊന്നും ശ്രദ്ധിക്കാതെ ഡോക്ടർ ഒമ്പതു രൂപാക്കാര്യം മാത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

വർത്തമാനകാല മനുഷ്യന്റെ ഏറ്റവും പുതിയ ആവിഷ്കാരമാധ്യമം പരസ്യകലയാകുന്നു. ഓരോ ഭാഷയിലേയും ഏറ്റവും മികച്ച മസ്തിഷ്കങ്ങൾ എരിപൊരികൊള്ളുന്നത് ഏറ്റവും ശക്തമായ ഒരു പരസ്യവാചകത്തിന്റെ നിർമ്മിതിയ്ക്കാണ്. ഒരു ജനതയുടെ സ്വപ്നങ്ങൾ, വിചാരവിഗതികൾ, വിശ്വാസങ്ങൾ ഒക്കെയും നന്നായി മനസ്സിലാക്കിയ, മനശ്ശാസ്ത്രത്തിൽ അവഗാഹം നേടിയ സൗന്ദര്യശാസ്ത്ര നിപുണരായ സർഗാത്മക മനസ്സുകളാണ് പരസ്യങ്ങൾക്കു പിന്നിലുള്ളത്. കമ്പോള കാലത്തെ കവിത ഏറ്റവും സുന്ദരവും ജനസ്വാധീനശേഷിയുമുള്ള പരസ്യവാചകമാകുന്നു. സംസ്കാരം അതിന്റെ പുതിയ അർത്ഥത്തിൽ - പരിഷ്കൃതി എന്ന അർത്ഥത്തിൽ - ജീവനുള്ളതും ജീവനില്ലാത്തതും ചലിക്കുന്നതും അല്ലാത്തതും സ്വരൂപവും അരൂപവും ആയ സർവതിനേയും വിൽക്കുവാനും വാങ്ങുവാനുതകുന്ന ചരക്കുകളായി തിരിച്ചറിയാനുള്ള കഴിവുനേടലാണ്. ഇതൊരു പ്രക്രിയയാണ്. ഈ സാംസ്കാരിക പ്രക്രിയയുടെ സർഗാത്മക ആവിഷ്കാരങ്ങൾ എന്ന നിലയിൽ ഇനിയങ്ങോട്ട് പരസ്യകലയായിരിക്കും യഥാർത്ഥ കലയായി അംഗീകരിക്കപ്പെടുക.

ഭൂമി അളന്നും മുറിച്ചും അതിരു തിരിച്ചും വിൽക്കുകയും വാങ്ങുകയും ചെയ്യാമെന്നും ഭൂമിയിലെ വിഭവങ്ങളെയും ജീവജാലങ്ങളേയും തൂക്കി വിൽക്കാൻ കഴിയുമെന്നുള്ള കണ്ടുപിടുത്തമാണ് യഥാർത്ഥത്തിൽ മാനവസംസ്കാരത്തിന്റെ രൂപപരിണാമങ്ങളിൽ നിർണ്ണായക സ്വാധീനമായത്. ഇറച്ചിക്കടയിൽ ചെന്ന് "ഒരു കിലോ" കോഴി/ആട് വേണം എന്നു പറയുന്ന ഒരാൾ വാസ്തവത്തിൽ മനുഷ്യസംസ്കൃതിയുടെ ഒരു സവിശേഷ പ്രയോഗമാണ് താനറിയാതെത്തന്നെ നിറവേറ്റുന്നത്.

തൃപ്പണംകോട് വില്ലേജിൽ, പഞ്ചായത്തിൽ, അംശത്തിൽ ഇരുനൂറ്റി മുപ്പത്തേഴ് പട്ടികളുണ്ട് എന്ന കണക്കിന്റെ അർത്ഥം മനുഷ്യ പഞ്ചായത്തിനപ്പുറത്ത് നായ്ക്കൾ, കാക്കകൾ, പെരുച്ചാഴികൾ മുതലായവരുടെ വളരെ വ്യത്യസ്തങ്ങളായ അതിർത്തിരേഖകളും ഗന്ധ-ശബ്ദ ഭൂപടങ്ങളും അസാധുവാണെന്നാണല്ലൊ. നിങ്ങളുടെ ജില്ലാ കളക്ടർ അല്ലെങ്കിൽ വില്ലേജ് ആഫീസർ തന്നെയാകുന്നു ദേശത്തെ മരപ്പട്ടി, പരുന്ത്, അരണ തുടങ്ങിയവരുടേയും ആപ്പീസർ എന്ന യുക്തി ഉൾക്കൊള്ളാൻ കഴിയാതെ വരുമ്പോഴാണ് നിങ്ങൾ ആദിവാസിയാവുന്നത്.

പോകട്ടെ, വീണ്ടും ഒമ്പതു രൂപയിലേക്കുവരാം. ആ പരസ്യം കേൾക്കുമ്പോഴൊക്കെ വല്ലാത്ത വേദന തോന്നിപ്പോകുന്നു. എന്തായിരിക്കാം ആ പാവം പാവയുടെ രോഗം? ദുഃഖിതയായ ആ രക്ഷാകർത്താവിന്റെ വിലാപങ്ങൾ ചെവികൊടുക്കാതെ ഒമ്പതുരൂപ, ഒമ്പതുരൂപ എന്ന് ഉച്ചരിച്ചുകൊണ്ടിരിക്കുന്ന ആ ഡോക്ടർ ഇന്നത്തെ ആരോഗ്യമേഖലയുടെ പ്രതിനിധാനമായിരിക്കുമോ? അതോ നാളെ സ്വാശ്രയ-സ്വകാര്യ മെഡിക്കൽ മുട്ടകൾ വിരിഞ്ഞ് പുറത്തിറങ്ങുന്നതു മുഴുവൻ ഇത്തരം ഒമ്പതു രൂപാ ഡോക്ടർമാർ മാത്രമായിരിക്കുമോ?

*(കവിയും കാർട്ടൂണിസ്റ്റും. ഇ.എസ്.ഐ.യിൽ ക്ലർക്ക്)*
വിലാസം: മുല്ലക്കൽ, അക്കിക്കാവ് പി.ഒ., തൃശൂർ